"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് -കട്ടപ്പന നഗരസഭയിൽ താൽക്കാലിക കണ്ടിജന്റ് തൊഴിലാളികളായി ജോലി ചെയ്തിരുന്ന ശ്രീ.അനീഷ്.സി.എസ് മുതൽപേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.1994/2020ൻമേലുള്ള 11-10-2021 തീയതിയിലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.897/2022/LSGD തീയതി,തിരുവനന്തപുരം, 08-04-2022

---

പരാമർശം:-

1. 22/04/1982 ലെ സ.ഉ.(എം.എസ്) നം.14/82/എൽ.ബി.ആർ
2. കട്ടപ്പന നഗരസഭാ സെക്രട്ടറിയുടെ 12-8-2020 തീയതിയിലെ H1(G1)-168/2017 നമ്പർ നടപടി ഉത്തരവ് .
3. ശ്രീ.അനീഷ്.സി.എസ് മുതൽപേർ സമർപ്പിച്ച 15-10-2020 തീയതിയിലെ അപേക്ഷ (അനക്ഷർ A10 )
4. ശ്രീ.അനീഷ്.സി.എസ് മുതൽപേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.1994/2020ൻമേലുള്ള 11-10-2021 തീയതിയിലെ വിധിന്യായം
5. കട്ടപ്പന നഗരസഭാ സെക്രട്ടറിയുടെ10-1-2022 തീയതിയിലെ ജി1-168/2017 നമ്പർ കത്ത്.
6. നഗരകാര്യഡയറക്ടറുടെ 12-2-2022,19-3-2022 എന്നീ തീയതികളിലെ ഇ2-15348/2020 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കട്ടപ്പന നഗരസഭയിൽ താൽക്കാലിക കണ്ടിജന്റ് തൊഴിലാളികളായി ജോലി ചെയ്തിരുന്ന ശ്രീ.അനീഷ്.സി.എസ് മുതൽപേർ, കട്ടപ്പന നഗരസഭയിൽ നിലവിലുള്ള കണ്ടിജന്റ് സാനിട്ടേഷൻ വർക്കർ തസ്തികയിൽ തങ്ങളെ പുനർനിയമിക്കുന്നതിന് ടി കേസിലെ മൂന്നാം എതിർകക്ഷിയായിട്ടുള്ള കട്ടപ്പന നഗരസഭാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യവുമായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സർക്കാർ (തദ്ദേശ സ്വയംഭരണ വകുപ്പ്), നഗരകാര്യ ഡയറക്ടർ, കട്ടപ്പന നഗരസഭാ സെക്രട്ടറി എന്നിവരെ യഥാക്രമം 1,2,3 എതിർകക്ഷികളാക്കി ഫയൽ ചെയ്തിരുന്ന ഒ.എ.നം.1994/2020ൻമേലുള്ള പരാമർശം(4) പ്രകാരമുള്ള വിധിന്യായത്തിൽ പരാതിക്കാർ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീൽ (അനക്ഷർ A10 )സർക്കാർ പരിശോധിച്ച്, വിധിന്യായം ലഭിച്ച് 2 മാസത്തിനുള്ളിൽ തീരുമാനം എടുക്കണമെന്ന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിരുന്നു.

2. കേസിലെ കക്ഷികളായ ശ്രീ.അനീഷ്.സി.എസ് മുതൽ പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കട്ടപ്പന നഗരസഭയിൽ 09-01-2020ന് സാനിറ്റേഷൻ വർക്കർമാരായി നിയമിതരാവുകയും 15-10-2020ന് ജോലിയിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവായതിനെ തുടർന്ന് ജോലി നഷ്ടപ്പെടുകയും ചെയ്തുവെന്നും ആയതിനാൽ കട്ടപ്പന നഗരസഭയിൽ നിലവിലുള്ള കണ്ടിജന്റ് സാനിട്ടേഷൻ വർക്കർ തസ്തികയിൽ തങ്ങളെ പുനർനിയമിക്കുന്നതിനു നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യവുമായി സമർപ്പിച്ചിരിക്കുന്ന പരാമർശം(3) പ്രകാരമുള്ള അപേക്ഷയാണ് അനക്ഷർ A10 .

3.കട്ടപ്പന നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കണ്ടിജന്റ് വിഭാഗത്തിൽ താൽക്കാലികമായി നിയമിച്ചിരുന്ന 10 ജീവനക്കാരെ 6 മാസകാലയളവിനുശേഷം പിരിച്ചുവിടുകയുണ്ടായിയെന്നും ഇപ്രകാരം നിയമിതരായ അനീഷ് സി.എസ്. .ജലീൽ ഇ.എ.. അമ്പിളി പി ആർ ,രതീഷ് എ എന്നിവർ നിയമനം ലഭിക്കുന്നതിലേയ്ക്കായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിൻമേൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാൾക്കാരുടെ അനക്ഷർ A10 അപേക്ഷ പരിഗണിച്ച് ഒന്നാം എതിർകക്ഷിയായ സർക്കാർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നുവെന്നും കട്ടപ്പന നഗരസഭയിൽ നടപ്പിലാക്കിയ 'എന്റെ നഗരം സുന്ദര നഗരം' പദ്ധതി പ്രകാരം കടകളിലും മറ്റും വേർതിരിച്ച് സൂക്ഷിക്കുന്ന മാലിന്യം ശേഖരിക്കുന്ന രീതി അവലംബിച്ചതിനാൽ മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയുകയും നിലവിലുള്ള സ്ഥിരം തൊഴിലാളികളെ ഉപയോഗിച്ച് തന്നെ മാലിന്യ സംസ്കരണം തൃപ്തികരമായി നടത്താൻ കഴിയുന്ന സാഹചര്യമാണുള്ളതെന്ന് കട്ടപ്പന സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നും കൂടാതെ നഗരസഭ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നതിനാൽ ടിയാൾക്കാരെ 6 മാസക്കാലയളവ് പൂർത്തീകരിച്ചതിനെ തുടർന്ന് 12.08.2020 ലെ നമ്പർ കൗൺസിൽ തീരുമാനം പ്രകാരം പിരിച്ചുവിട്ടിട്ടുള്ളതാണ് എന്നും നഗരകാര്യഡയറക്ടർ പരാമർശം(6) പ്രകാരം അറിയിച്ചിരുന്നു. കട്ടപ്പന നഗരസഭയിൽ നിലവിൽ 15 കണ്ടിജന്റ് ജീവനക്കാരുടെയും 8 സാനിറ്റേഷൻ വർക്കർമാരുടെയും തസ്തികകൾ ഉൾപ്പെടെ 23 തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും നിലവിൽ കട്ടപ്പന നഗരസഭയിൽ 14 ഒഴിവുകളുണ്ടെന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4.1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരം അതാത് നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ നഗരസഭകളിലെ ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനം പരമർശം(1) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭകളിൽ ഉണ്ടാകാനിടയുള്ള സ്ഥിരം ഒഴിവുകൾ കണക്കിലെടുത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്ന് നിയമിക്കുന്ന തൊഴിലാളികളെ ആദ്യം ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു. പിന്നീട് നഗരസഭകളിലെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരായി ജോലി നോക്കുന്നവർക്കിടയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കണ്ടിജന്റ് തസ്തികയിൽ നിയമനം നൽകി സ്ഥിരപ്പെടുത്തുന്നു. ഇതാണ് നഗരസഭകളിലെ കണ്ടിജന്റ് തസ്തികയിലെ നിലവിലെ നിയമന രീതി. കട്ടപ്പന നഗരസഭയിൽ ബദൽ തൊഴിലാളികളുടെ ലിസ്റ്റ് നിലവിലില്ല എന്ന്

നഗരകാര്യഡയറക്ടർ പരാമർശം(6) പ്രകാരം അറിയിച്ചിരുന്നു.

5.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.പരാമർശം(1) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമായ ലിസ്റ്റിൽ നിന്ന് നിയമിച്ചിരിക്കുന്നവരെ ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും പിന്നീട് നഗരസഭകളിലെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിന് നഗരസഭ തീരുമാനിക്കുന്ന മുറയ്ക്ക് ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കണ്ടിജന്റ് തസ്തികയിൽ നിയമനം നൽകി സ്ഥിരപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്. നിലവിൽ കട്ടപ്പന നഗരസഭയിൽ ബദൽ തൊഴിലാളികളുടെ ലിസ്റ്റ് ഇല്ലായെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ അപ്രകാരം ബദൽതൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി ആയതിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കണ്ടിജന്റ് തസ്തികയിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നഗരകാര്യഡയറക്ടർക്കും കട്ടപ്പന നഗരസഭാ സെക്രട്ടറിക്കും നിർദ്ദേശം നൽകി ഉത്തരവാകുന്നു.

6.പരാമർശം(4) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി. കട്ടപ്പന നഗരസഭ,ഇടുക്കി.

ബന്ധപ്പെട്ട ജീവനക്കാർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ